ഉത്തരം

(എ) ഇൻസ്റ്റന്റ് ലോട്ടറി നടത്തുന്നത് സുപ്രീംകോടതി നിരോധിച്ചതിനുശേഷം സംസ്ഥാനത്ത് ഇൻസ്റ്റന്റ് ലോട്ടറി ടിക്കറ്റ് വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 1998 -ലെ ലോട്ടറി റഗുലേഷൻ ആക്ടിലും 7/5/99-ലെ സുപ്രീം കോടതി വിധിയിലും ഇൻസ്റ്റന്റ് ലോട്ടറികൾ നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ പ്രസ്തുത ലോട്ടറികളുടെ വിൽപ്പന സംസ്ഥാനത്ത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

37 (1078) ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിലെ ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കാൻ നടപടി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകൾ സൃഷ്ടിക്കപ്പെട്ട ശേഷം ഈ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കേണ്ടവരുടെ ലിസ്റ്റ് ഡി.പി.സി. തയ്യാറാക്കി സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി ഡി.പി.സി. കൂടണം എന്നാവശ്യപ്പെട്ട് വകുപ്പ് ഡയറക്ടർ ഡി.പി.സി. കൺവീനർക്ക് നോട്ട് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അത് എന്നാണ് നൽകിയിട്ടുള്ളത്;

(ഡി) ഡി.പി.സി. കൂടി പ്രസ്തുത തസ്തികകളിലേയ്ക്ക് നടത്തിയിട്ടുള്ള പ്രൊവിഷണൽ പ്രൊമോഷൻ റഗുലറൈസ് ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി) നൽകിയിട്ടുണ്ട്.

(സി) ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) തസ്തികയെ സംബന്ധിച്ച് നോട്ട് 4.7.98 നും ജോയിന്റ് ഡയറക്ടർ തസ്തികയെ സംബന്ധിക്കുന്ന നോട്ട് 27.7.98 നും ഡി.പി.സി. കൺവീനർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) റഗുലറൈസ് ചെയ്തിട്ടില്ല.

(ഇ) ഈ തസ്തികകളുടെ സ്പെഷ്യൽ റൂൾസ് ഇതുവരെ അംഗീകരിച്ച് ഉത്തരവായിട്ടില്ല. അതുകൊണ്ട് ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

38 (1079) അച്ചടക്ക നടപടിക്ക് വിധേയരായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly